റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം* നൽകുന്നത്. *SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എം.എസ്.)നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എം.എസ്.)നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 470/2013/ഡിഎംഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നൽകുന്ന ധനസഹായത്തിൽ വന്നിട്ടുള്ള വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഹൈടെക് കൃഷി

186 (3472) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഹൈടെക്ക്കൃഷി ഏതെല്ലാം കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്, ഇതുവഴി ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുവഴി ഉത്പാദനം എത്ര മടങ്ങായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, ഹൈടെക്ക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-2014 വർഷം എത്ര തുകയാണ് ചിലവഴിച്ചത് ?

ഉത്തരം

കേരളത്തിൽ ഹൈടെക് കൃഷി പച്ചക്കറി വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ലവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണവരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. കീടനാശിനി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗം കുറവായതിനാലും തുല്യവലുപ്പവും ഗുണമേന്മയും ഉള്ള ഉല്പന്നമായതിനാലും പോളീഹൗസിലെ ഉല്പന്നങ്ങൾക്ക് മികച്ച വിള ലഭിക്കുന്നുണ്ട്. ചുരുങ്ങിയ സ്ഥലത്ത് നിന്നും മേല്പറഞ്ഞ വിളകളിൽ നിന്നും 3 മുതൽ 10 മടങ്ങ് വരെ അധിക ഉല്പാദനം ലഭിക്കുന്നു. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പോളീഹൗസുകളിൽ ചതുരശ്ര മീറ്ററിന് ശരാശരി 10.25 കിലോഗ്രാം വിളവ് ലഭിക്കുന്നതായി കാണുന്നു. ഇത് തുറസ്സായ സ്ഥലത്തെ ഉല്പാദനത്തെക്കാളും പലമടങ്ങ് കൂടുതലാണ്. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി ലഭിച്ച 3 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ചെലവഴിച്ചുവരുന്നു. ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം 56.5 ലക്ഷം രൂപ വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ചെലവഴിച്ചിട്ടുണ്ട്.

**കാർഷിക വികസന നയം**

187 (3473) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാർഷിക വികസനനയം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നയം സംബന്ധിച്ച ശിപാർശകൾ നൽകാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത നയം എന്ന് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ട്. 2014 ജൂലൈ മാസം 8-ാം തീയതി നിയമസഭയിൽ കാർഷിക നയം അംഗീകരിച്ചിട്ടുണ്ട്. നിയമസഭയിൽ നിർദ്ദേശിച്ച തിരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ ഉൾപ്പെട്ട കാർഷിക നയത്തിന്റെ പൂർണ്ണ രൂപം അംഗീകരിച്ച് ഉത്തരവാകുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly